**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 608 29.10.2019-ലെ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ട നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമിൽ ഇടം നേടിയ കേരള താരം ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാന |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലാണ്.<br>2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ.ഷൈഭൻ.ഇ.ബിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഒരു ക്ലാർക്ക് നിയമനം നൽകിയിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിമനം നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സ്പോർട്സ് ക്വാട്ട നിയമനം നല്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിധം നേട്ടങ്ങൾ കൈവരിച്ചിരിക്കണം.<br>(i) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ്, എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും, വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.<br>(ii) രാജ്യത്തെ പ്രതിനിധാനം ചെയ്ത് |

| | | | |
|---|---|---|---|
| | | | മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ<br>(iii) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ<br>(iv) മൗണ്ടനീയറിംഗ്/കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരളാ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷൻ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ<br>ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്കും, കായിക താരങ്ങൾ അതിന് തൊട്ടുമുൻപുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. ഓരോ വർഷത്തേയ്ക്കുമുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കായും 25 എണ്ണം ടീം ഇനങ്ങൾക്കായും നീക്കി വച്ചിട്ടുള്ളതാണ്. അപേക്ഷകരുടെ കായിക നേട്ടങ്ങൾ അനുസരിച്ച് വ്യക്തിഗത ഇനം, ടീമിനം എന്നിങ്ങനെ മെറിറ്റടിസ്ഥാനത്തിൽ 25 കായിക താരങ്ങളെ വീതമാണ് തെരെഞ്ഞെടുക്കുന്നത്. വ്യക്തിഗത/ടീം ഇനങ്ങളിൽ കായിക താരങ്ങളുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ, ആദ്യം വ്യക്തിഗത ഇനത്തിൽ നിന്നും പിന്നെ ടീം ഇനത്തിൽ നിന്നുമാണ് (Alternate) കായിക താരങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത്. ഓരോ വർഷവും അലോട്ട്മെന്റ് ആരംഭിക്കുന്നത് വ്യക്തിഗത ഇനത്തിൽ നിന്നുമായിരിക്കും. ഒരു ഉദ്യോഗാർത്ഥി പല ഇനങ്ങളിൽ വിജയങ്ങൾ നേടിയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ ഏറ്റവും ഉയർന്ന വിജയം പരിഗണിക്കുന്നതായിരിക്കും. വിജ്ഞാപനം ചെയ്തിട്ടുള്ള ആകെ തസ്തികയുടെ 10 ശതമാനം സബോർഡിനേറ്റ് സർവ്വീസിലെ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് തസ്തികകളിലേയ്ക്കും 2% വീതം സ്റ്റേറ്റ് സർവ്വീസ് തസ്തികകളിലേയ്ക്കും (അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സർജൻ, കൊമേഴ്സ്യൽ ടാക്സ് ഓഫീസർ) നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല. അപേക്ഷിക്കുന്ന ഓരോ തസ്തികയിലേയ്ക്കും ആവശ്യമായ യോഗ്യത ഉണ്ടായിരിക്കണം. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടികൾക്ക് വിധേയരായവരോ, കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായിക താരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല. ഓരോ കായിക താരത്തിന്റെയും സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രയോറിററി പോയിന്റ് നിശ്ചയിക്കുകയും അപ്രകാരം ലഭിക്കുന്ന പ്രയോറിററി പോയിന്റിന്റെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് പ്രസ്തുത റാങ്കിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്. |
| (സി) | സ്പോർട്സ് ക്വാട്ട നിയമനത്തിനായി ലിസ്റ്റുകൾ എന്തെങ്കിലും നിലവിലുണ്ടോ; | (സി) | 2010-14 വർഷത്തെ ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള പ്രകാരം സെലക്ട് ലിസ്റ്റ് നിലവിലുണ്ട്. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് കൂടി ഇത്തരത്തിൽ നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | 2010-14 വർഷത്തെ 249 ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**